بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 28.07.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഹദീഖത്തുൽ മഹ്ദിയിലെ ജൽസാ ഗാഹിൽ നിർവഹിച്ചത്.***

## ജൽസയുടെ യഥാർഥ ഉദ്ദേശ്യം പൂർത്തിയാക്കുക.

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ اَلرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ

نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ

عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ۝

അല്ലാഹു തആലയുടെ അനുഗ്രഹത്താൽ ഇന്ന് ജമാഅത്ത് അഹ്മദിയ്യ യുകെയുടെ വാർഷിക സമ്മേളനം ആരംഭിക്കുകയാണ്. ഖിലാഫത്തിന്റെ സാന്നിധ്യത്തിൽ വർഷം തോറും നടക്കുന്ന ജൽസ ഇവിടെ ആരംഭിച്ചിട്ട് ഏകദേശം നാല് പതിറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. തുടക്കത്തിൽ, വിപുലമായ ക്രമീകരണങ്ങൾ കാരണം, ഇവിടെയുള്ള ജമാഅത്തിനെ വളരെയധികം പഠിപ്പിക്കേണ്ടിയിരുന്നു, അതിനായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അർറാബിഅ് വ്യക്തിപരമായ താൽപ്പര്യത്തോടെ മർഗനിർദേശങ്ങൾ നൽകി; കൂടാതെ ജൽസാ സാലാന ഓഫീസറായ ബഹുമാനപ്പെട്ട ചൗധരി ഹമീദുല്ലാഹ് സാഹിബ് ഉൾപ്പെടെയുള്ളവരെ ജോലി പഠിപ്പിക്കാൻ റബ്വയിൽ നിന്ന് ക്ഷണിച്ചിരുന്നു. അദ്ദേഹം ഒരുപാട് (ഇക്കാര്യത്തിൽ) സഹായിച്ചു. 1985ൽ ഖിലാഫത്തിന്റെ സാന്നിധ്യത്തിൽ ഇവിടെ ആദ്യസമ്മേളനം നടന്നു. അതിനുമുമ്പ് 1984ൽ ഒരു സമ്മേളനം നടന്നിരുന്നുവെങ്കിലും അത് വളരെ ചെറുതായിരുന്നു. 1985ൽ അയ്യായിരം പേർ പങ്കെടുത്തിട്ടുണ്ടാകും. ഇതിന്റെ നടത്തിപ്പ് എങ്ങനെ കൈകാര്യം ചെയ്യുമെന്ന കാര്യത്തിലും സംഘാടകർക്ക് ആശങ്കയുണ്ടായിരുന്നു. ഇപ്പോൾ ശാഖാസംഘടനകളുടെ ഇജ്തിമകളിൽ ഇതിനേക്കാൾ പല മടങ്ങ് ആളുകൾ പങ്കെടുക്കുന്നുണ്ട്. ശാഖാസംഘടനകൾ എല്ലാ സംവിധാനങ്ങളും വളരെ കാര്യക്ഷമമായി സ്വയം നടത്തുന്നു. ഈ കാഴ്ചപ്പാടിൽ യു.കെ. ജമാഅത്ത് വളരെ പരിചയസമ്പന്നരായിരിക്കുന്നു. എന്നാൽ ഇപ്പോൾ മൂന്നോ നാലോ വർഷത്തിന് ശേഷം വീണ്ടും വലിയ തോതിലുള്ള സമ്മേളനം സംഘടിപ്പിക്കുന്നതിനാൽ, പ്രതീക്ഷിക്കുന്ന 40,000 ത്തിലധികം പേരെ കൈകാര്യം ചെയ്യാൻ കഴിയുമോ ഇല്ലയോ എന്ന കാര്യത്തിൽ സംഘാടകർക്ക് അൽപ്പം ആശങ്കയുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടുത്തെ സേവകർ എല്ലാം വളരെ നല്ല രീതിയിൽ തന്നെ കൈകാര്യം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ ഞായറാഴ്ച ഞാൻ ഇതുവരെയുള്ള പ്രവൃത്തികൾ അവലോകനം ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ വകുപ്പുകളിലെയും പ്രവർത്തകർ വളരെ ഉത്സാഹമുള്ളവരും ജോലിയെക്കുറിച്ച് അറിവുള്ളവരുമാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. അന്നുണ്ടായിരുന്ന ആശങ്കകൾ ദൈവം നീക്കികളയുണ്ടായി. അവന്റെ അനുഗ്രഹങ്ങളെ നാം ആഗിരണം ചെയ്യുന്നവരാണെങ്കിൽ ദൈവം എപ്പോഴും നമ്മിൽനിന്ന് ഈ ആശങ്കകളെ അകറ്റുന്നതാണ്. നമ്മുടെ പ്രവൃത്തികൾ നമ്മുടെ ബുദ്ധികൊണ്ടോ അനുഭവപരിചയം കൊണ്ടോ അല്ല; മറിച്ച് അല്ലാഹുവിന്റെ കൃപയാൽ മാത്രമാണ് നടക്കുന്നത്.

കഠിനാധ്വാനത്തിലൂടെയും ഉന്നത ധാർമികതയിലൂടെയും പ്രാർഥനകളിലൂടെയും അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ട് ഓരോ പ്രവർത്തകനും ഓരോ ഉദ്യോഗസ്തനും അവരുടെ ജോലി ചെയ്യണമെന്ന് മുൻഖുത്ബയിൽ ഞാൻ പ്രവർത്തകരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ കടമകൾക്കായി നിങ്ങളെല്ലാവരും സ്വയം സമർപ്പിച്ച ഈ മനോഭാവം നിലനിർത്തിക്കൊണ്ട് തന്നെ ചുമതലകൾ ഉള്ള ദിവസത്തോളം ഈ സേവനം ചെയ്യാൻ ഞാൻ വീണ്ടും പ്രവർത്തകരോട് ആവശ്യപ്പെടുകയാണ്. അതുപോലെ, ഡ്യൂട്ടികൾക്കൊപ്പം, അല്ലാഹുവിനോടുള്ള ആരാധനയുടെ കടമയും നാം പൂർത്തിയാക്കേണ്ടതുണ്ടെന്ന് ഓർമ്മിക്കുക.

നിങ്ങളുടെ നമസ്കാരങ്ങളെ സംരക്ഷിക്കുകയും നിങ്ങളുടെ ആത്മാവിനെ ശുദ്ധമാക്കാൻ ശ്രമിക്കുകയും വേണം. അതുപോലെ ജൽസയിൽ വന്ന അതിഥികളോട് ഇന്ന് ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്.

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ഈ ജൽസ ഒരു ഭൗതിക മേളയല്ലെന്ന് എപ്പോഴും ഓർക്കണം എന്നതാണ് പ്രഥമവും സുപ്രധാനവുമായ കാര്യം. ഈ ജൽസയിൽ പങ്കുചേരുന്നതിൽ നമുക്ക് ഉള്ള ലക്ഷ്യം, നമ്മുടെ ഭൗതികവും ആത്മീയവും ധാർമ്മികവുമായ അവസ്ഥ മെച്ചപ്പെടുത്തുക എന്നതാണ്. അല്ലാഹുവിനോടും അവന്റെ റസൂൽ(സ)നോടുമുള്ള സ്നേഹം ഉണ്ടാക്കിയെടുക്കുക. ഇക്കാര്യങ്ങൾ ശ്രദ്ധിക്കുമ്പോൾ, ജൽസയുടെ ക്രമീകരണങ്ങളിൽ ഉണ്ടായേക്കാവുന്ന ചില ചെറിയ പോരായ്മകളിലേക്ക് നമ്മുടെ ശ്രദ്ധ പോകില്ല.

പങ്കെടുക്കുന്ന ഓരോ വ്യക്തിയും യോഗസമയങ്ങളിൽ അലഞ്ഞുതിരിയുന്നതിനുപകരം ജൽസയുടെ പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പാക്കുകയും പ്രോഗ്രാം ശ്രദ്ധയോടെ കേൾക്കണം. പ്രോഗ്രാമിന്റെ ഇടവേളകളിൽ പോലും നിങ്ങൾക്ക് ലഭിക്കുന്ന സമയം നന്നായി ഉപയോഗിക്കുക; (ആ സമയത്ത്) മാർക്കറ്റിൽ ഷോപ്പിംഗിനായി പോകരുത്, പകരം ബുക്ക് സ്റ്റാളുകളും കേന്ദ്ര വകുപ്പുകളുടെയും മറ്റും പ്രദർശനങ്ങളും സന്ദർശിച്ച് മതപരവും ചരിത്രപരവുമായ അറിവ് വർധിപ്പിക്കുക. ഇത്രയും വലുതും താൽക്കാലികവുമായ ക്രമീകരണത്തിൽ, കുറവുകൾ എന്തായാലും ഉണ്ടാകുന്നതാണ്. അതിനാൽ അതിനെ ശ്രദ്ധിക്കേണ്ടതില്ല. ഉദാഹരണത്തിന്, ഭക്ഷണ(വിതരണ)ത്തിന്റെ സമയത്ത് കൃത്യസമയത്ത് ഭക്ഷണത്തിനായി എത്താൻ കഴിയുന്നില്ലെങ്കിൽ, ഉള്ളത് കഴിക്കണം. റൊട്ടി അൽപ്പം വേവാതിരിക്കുകയോ കരിയുകയോ ചെയ്താൽ, നിർബന്ധിതാവസ്ഥയാണെങ്കിൽ ഉപേക്ഷിക്കാവുന്നതാണ്; അല്ലാത്തപക്ഷം അത് കഴിക്കേണ്ടതാണ്. ഗതാഗത ക്രമീകരണത്തിലും ചില പരാതികൾ വരാറുണ്ട്. ഇക്കാര്യത്തിൽ (വളണ്ടിയർമാരായി സേവനം ചെയ്യുന്ന) സംഘാടകരോട് സഹകരിക്കേണ്ടതാണ്. ഉയർന്ന ധാർമ്മികത കാണിക്കുക, നല്ല പെരുമാറ്റം കാണിക്കുക, പരസ്പരം പുഞ്ചിരിക്കുക, മറ്റുള്ളവർക്ക് വേണ്ടി ത്യാഗമനോഭാവം കാണിക്കുക എന്നിവ സംഘാടകരുടെ മാത്രം ജോലിയല്ല, മറിച്ച് അതിഥികളും ഇക്കാര്യങ്ങൾ പ്രത്യേകമായ നിലയിൽ പ്രകടിപ്പിക്കേണ്ടതാണ്.

ധാർമ്മികത നല്ലതല്ലെങ്കിൽ പിന്നെ ഒന്നുമില്ല. പുഞ്ചിരിക്കുക എന്നത് വിശ്വാസത്തിന്റെ ഭാഗമാണെന്നും അത് സ്വദഖയാണെന്നും ഒരു ഹദീസ് ഞാൻ കഴിഞ്ഞ തവണ ഉദ്ധരിച്ചിരുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: തന്റെ ഹൃദയം മൃദുവാകുന്നതുവരെയും എല്ലാവരേക്കാളും താൻ താഴ്ന്നവനാണെന്ന് കരുതുകയും എല്ലാ പൊങ്ങച്ചങ്ങളെയും നീക്കം ചെയ്യുകയും ചെയ്യുന്നതുവരെ ആർക്കും യഥാർത്ഥ വിശ്വാസിയാകാൻ സാധിക്കുകയില്ല. സമൂഹത്തിന്റെ സേവകനായിരിക്കുക എന്നത് നേതാവിന്റെ ലക്ഷണമാണ്. പാവപ്പെട്ടവരോട് മൃദുവായി സംസാരിക്കുന്നതും എളിമ കാണിക്കുന്നതും ദൈവസ്വീകാര്യതയുടെ അടയാളമാണ്. തിന്മയ്ക്ക് നന്മകൊണ്ട് ഉത്തരം നൽകുന്നത് സൗഭാഗ്യവാന്മാരുടെ ലക്ഷണമാണ്, കോപത്തേയും കയ്പേറിയ വാക്കുകളേയും നിയന്ത്രിക്കുന്നതും ഏറ്റവും ഉന്നതമായ ധീരതയാണ്.

ഈ മൂന്ന് ദിവസങ്ങളിൽ നമ്മൾ ഈ കാര്യങ്ങൾ പിന്തുടരുകയാണെങ്കിൽ, നമുക്ക് എന്തെങ്കിലും ശീലമുണ്ടായിത്തീരുന്നതാണ്; വരും ദിനങ്ങളിൽ നമ്മുടെ ജീവിതത്തിൽ ഈ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിയുന്നതാണ്. സ്വസഹോദരന് തന്നെക്കാൾ മുൻഗണന നൽകുന്നത് നിസാര കാര്യമല്ല. അത് വലിയ കഠിനാധ്വാനമുള്ള പ്രവർത്തനമാണ്. അതുകൊണ്ടാണ് വിശ്വാസവുമായി ഇതിന് ബന്ധമുണ്ടെന്ന് ആ മഹാത്മാവ് പറഞ്ഞത്. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ആരെങ്കിലും എന്നോട് പരുഷമായി സംസാരിക്കുകയും ഞാൻ അവനോട് അതേ രീതിയിൽ ഉത്തരം നൽകുകയും ചെയ്താൽ, എന്റെ അവസ്ഥയിൽ ഞാൻ ഖേദിക്കുന്നതാണ്; അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണു വേണ്ടത്. ചുരുക്കത്തിൽ ഇസ്‌ലാം നിലനാട്ടാൻ ആഗ്രഹിക്കുന്ന അധ്യാപനങ്ങളും പരിശുദ്ധമായ സമൂഹ(ാന്തരീക്ഷ)വും ഇതാണ്.

ഒരാൾ രോഗത്തിൽനിന്ന് സ്വയം മുക്തനാകുമ്പോൾ മാത്രമാണ് മറ്റൊരാളുടെ രോഗത്തെ ചികിത്സിക്കാനാകുക. അതിന് എല്ലാ അഹങ്കാരങ്ങളും നീക്കം ചെയ്യേണ്ടിവരും. പരസ്പരം തെറ്റുകൾ അവഗണിക്കാനും സമാധാനാന്തരീക്ഷം സൃഷ്ടിക്കാനും ശ്രമിച്ചാൽ, ഇവിടെ ഒത്തു കൂടിയതിന്റെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നതാണ്.

ചിലപ്പോഴൊക്കെ കാര്യങ്ങൾ കയ്യാങ്കളിയിലേക്ക് നയിക്കാറുണ്ട്. അതിനാൽ നിങ്ങൾക്ക് അത് നിയന്ത്രിക്കാൻ കഴിയുന്നില്ലെങ്കിൽ, അത്തരക്കാർ ജൽസയിലേക്ക് വരാതിരിക്കുക. പാർക്കിംഗ് കാര്യങ്ങളിലും സഹകരിക്കുക. നിങ്ങൾ അല്ലാഹുവിന്റെ പ്രീതിക്കായി ഈ ദിവസം ചെലവഴിക്കുകയും അത് സന്തോഷത്തോടെ സഹിക്കുകയും ചെയ്യുക.

അങ്ങനെ ചെയ്താൽ, മറ്റു മാർഗത്തിലൂടെ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുന്നതാണ്.

സമൂഹത്തിൽ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുംവേണ്ടി, നബി(സ) ദരിദ്രർക്ക് പറഞ്ഞത്, ആവശ്യക്കാർക്ക് ഭക്ഷണം നൽകുകയും നിങ്ങൾ അറിയുന്നവർക്കും അറിയാത്തവർക്കും സലാം പറയണമെന്നുമാണ്. കോടിക്കണക്കിന് ആളുകൾ ഭക്ഷണമുണ്ടെങ്കിൽ പാർപ്പിടമില്ലാത്തവരായിട്ടുണ്ട്. വിശക്കുന്നവന് ഭക്ഷണം നൽകുക എന്നതാണ് ഇസ്‌ലാമിന്റെ കൽപ്പന. മുസ്‌ലിം രാജ്യങ്ങൾ ഈ യാഥാർഥ്യം മനസ്സിലാക്കുകയും ഈ ഉത്കണ്ഠ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

നബി(സ) സലാം പറയാൻ കൽപിച്ചിരിക്കുന്നു. സലാം പറയുക എന്നത് വായിൽ മാത്രം ഒതുങ്ങുന്നതല്ല. ഒരു വ്യക്തി ഹൃദയത്തിൽ നിന്ന് സലാം പറയുമ്പോൾ, അവൻ സമാധാനം എത്തിക്കാനും ശ്രമിക്കുന്നു; അവന്റെ കഷ്ടപ്പാടുകൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. ഈ ദിവസങ്ങളിൽ, ഓരോ അഹ്മദിയും സമാധാനത്തിന്റെ സന്ദേശം എത്തിക്കാൻ ശ്രമിക്കണം, സലാം പറയാൻ ശീലിക്കണം.

ആളുകൾ തങ്ങൾക്ക് പ്രയോജനം ലഭിക്കുന്നവരെയും അല്ലെങ്കിൽ എന്തെങ്കിലും ബന്ധമുള്ളവരേയും ഊഷ്മളമായ രീതിയിൽ കണ്ടുമുട്ടുന്നു. ഹൃദയ വിദ്വേഷങ്ങൾ നീങ്ങുമ്പോഴും പരസ്പരം ഹൃദയത്തിൽനിന്ന് സമാധാനത്തിനായി ദുആ നിർഗളിക്കുമ്പോഴുമാണ് യഥാർത്ഥ സമാധാനവും സുരക്ഷിതത്വവും ഉണ്ടാകുന്നത്. ജൽസയുടെ അന്തരീക്ഷം സമാധാനത്തിന്റെ അന്തരീക്ഷമായി മാറുന്നത്. സമസൃഷ്ടികളുടെ അവകാശങ്ങൾ നൽകൽ നമ്മുടെ ജീവിതത്തിന്റെ ഭാഗമാകണം.

യോഗനടപടികൾ നിശബ്ദമായും ശ്രദ്ധയോടെയും കേൾക്കേണ്ടതാണ്. ജൽസയിൽ വന്ന് ഇരിക്കുക. ചിലരുടെ പ്രസംഗങ്ങൾ തീപ്പൊരി പ്രസംഗങ്ങൾ കാരണം കേൾക്കുകയും മറ്റുള്ളവരുടേത് കേൾക്കാതിരിക്കുകയും ചെയ്യുന്നത് ഹദ്റത് മസീഹ് മൗഊദ്(അ) ഇഷ്ടപ്പെട്ടിരുന്നില്ല.

ജൽസയുടെ ദിനങ്ങളിൽ, ദൈവസ്മരണയും സ്വലാത്തും ചെല്ലിക്കൊണ്ടിരിക്കാൻ ശ്രദ്ധിക്കുക. ഇപ്പോൾ എന്തായാലും മുഹറം ആണ്. അല്ലാഹുവിന്റെ പേരിൽ തന്നെ തിരുനബി(സ)യുടെ ആത്മീയവും ഭൗതികവുമായ കുടുംബത്തിന്മേൽ അക്രമം ചെയ്യപ്പെട്ടു. ഇപ്പോൾ തിരുനബി(സ)യുടെ ആത്മീയ കുടുംബത്തിന്മേലും ഹദ്റത് മസീഹ് മൗഊദ്(അ)ന്റേയും ജമാഅത്തിന്റേയും നേരെയാണ് ഈ അക്രമങ്ങൾ നടക്കുന്നത്. ഇക്കാലത്ത്, പാകിസ്ഥാനിൽ വളരെ പ്രയാസകരമായ സാഹചര്യങ്ങളാണുള്ളത്. അവർ അത് ചെയ്യുന്നത് അല്ലാഹുവിന്റെ റസൂലിനോടുള്ള സ്നേഹത്തിന്റെ പേരിൽ ആണെന്ന് പറയുന്നു. എന്നാൽ ഞങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം, തിരുനബി(സ)യിലും അവിടുന്ന് ഖാത്തമുന്നബിയ്യീൻ ആണെന്നതിലും ആ മഹാത്മാവ് കൊണ്ടുവന്ന ശരീഅത്തിലും ആണ്. ആ മഹാത്മാവിന്റെ കൽപ്പനയനുസരിച്ച് ഞങ്ങൾ വാഗ്ദത്ത മസീഹിനെ വിശ്വസിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ വാഗ്ദത്ത മസീഹ്(അ) പലയിടത്തും എഴുതിയിട്ടുണ്ട്, ഞാൻ നേടിയെടുത്തതെല്ലാം തിരുനബി(സ)യോടുള്ള സ്നേഹത്തിൽ ആണ് നേടിയെടുത്തിട്ടുള്ളത്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ജൽസയെ കുറിച്ച് പറഞ്ഞു: ജൽസഹാളിലെ സ്ത്രീകൾ, ജൽസാപ്രോഗ്രാമുകൾ കേൾക്കണമെന്നും പ്രോഗ്രാമിൽ എഴുതിയിരിക്കുന്ന നിർദേശങ്ങൾ പാലിക്കണമെന്നും മനസ്സിലാക്കുന്ന കുട്ടികൾക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. അല്ലാഹു നമ്മെ എല്ലാ തിന്മകളിൽ നിന്നും കാത്തുരക്ഷിക്കുകയും അവന്റെ കൃപയും കാരുണ്യവും ചൊരിയുകയും ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Jalsa gah, Hadeeqatul mahdi, U.K – on 28.07.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516